ഉത്തരം

(എ-ഡി) 14-12-2012-ലെ സ.ഉ.(സാധാ)നമ്പർ 10460/2012/ധന. പ്രകാരം സെക്രട്ടറിയേറ്റ് സബ്ട്രഷറിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പെൻഷൻ പേയ്മെന്റ് സബ്ട്രഷറികളിലും എ.ടി.എം. സ്ഥാപിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 25-4-2013 ലെ സ.ഉ. (സാധാ)നമ്പർ 3818/2013/ധന. പ്രകാരം ടെണ്ടർ നടപടികൾ ആരംഭിക്കുവാനുള്ള ഭരണാനുമതിയും നൽകിയിരുന്നു. ദർഘാസ് നമ്പർ 9/2013 പ്രകാരം ദർഘാസ് പരസ്യം പുറപ്പെടുവിച്ചുവെങ്കിലും നിശ്ചിത സമയപരിധിക്കുള്ളിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചില്ല. ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയാക്കുകയും ട്രഷറി സേവിംഗ്സ്ബാങ്ക് അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ട്രഷറികളിൽ ATM സംവിധാനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ ആരായുന്നതിനായി ഒരു 'കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്' നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന IT മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം

241(581) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബ്ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇത്തരത്തിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി കുറവായതു കാരണം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കേരളാ ട്രഷറി കോഡ് കാലോചിതമായി പരിഷ്കരിച്ച് സബ്ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ട്രഷറികളിലെ പണമിടപാട് വ്യാപ്തിയുടെ (volume of transaction) അടിസ്ഥാനത്തിൽ ട്രഷറികളെ ഗ്രൂപ്പുകളായി തിരിച്ച് ട്രഷറികളിൽ സൂക്ഷിക്കാവുന്ന തുകയുടെ പരിധി(ഇംപ്രസ്റ്റ് പരിധി) വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ഇടപാടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

ട്രഷറി പണമിടപാടുകളിൽ ക്രമേണ ഓൺലൈനായി ഇലക്ട്രോണിക് പേയ്മെന്റ് വഴി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിന്റെ വെളിച്ചത്തിൽ, ആയതുകൂടി പരിഗണിച്ചാകും നിലവിലുള്ള ഇംപ്രസ്റ്റ് പരിധി വർദ്ധിപ്പിക്കുന്നതിനുള്ള അന്തിമ തീരുമാനം കൈക്കൊള്ളുക.

കാരുണ്യ ബെനവലന്റ് ഫണ്ട്

242(582) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കു കീഴിൽ ഓരോ ജില്ലയിലും എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം രോഗം ബാധിച്ചവർക്കാണ് തുക അനുവദിച്ചതെന്നും ഓരോ വിഭാഗത്തിനും എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷിച്ച് കാത്തിരിക്കുന്നവർ ഓരോ ജില്ലയിലും എത്ര പേർ വീതമുണ്ടെന്നും ഇവർ ഏതെല്ലാം രോഗബാധിതരാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വിശദ വിവരം ആനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) വിശദ വിവരം അനുബന്ധം 2- ആയി ചേർത്തിട്ടുണ്ട്.*

(ഡി) ക്യാൻസർ, ഹൃദ് രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ, ഹീമോഫീലിയ എന്നിവയുടെ ചികിത്സയ്ക്കായാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. വിശദ വിവരം അനുബന്ധം 3-ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly